Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

24th June 2016

## തദ്ദേശ ഭരണ ഉപതിരഞ്ഞെടുപ്പ് ജൂലൈ 28-ന്

## മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നു

സംസ്ഥാനത്തെ വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ 15 മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് ജൂലൈ 28-ന് നടത്തുന്നതാണ്. ഉപതിരഞ്ഞെടുപ്പിന്റെ കാര്യപരിപാടികൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വെള്ളിയാഴ്ച പ്രസിദ്ധീകരിച്ചു. ഇതോടു കൂടി ഇന്നു(ജൂൺ 24) മുതൽ നിർദ്ദിഷ്ട സ്ഥലങ്ങളിൽ മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നു. ഗ്രാമപഞ്ചായത്തുകളിൽ ഒട്ടാകെയും മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ബന്ധപ്പെട്ട നിയോജക മണ്ഡലങ്ങളിലുമായിരിക്കും മാതൃകാപെരുമാറ്റച്ചട്ടം പ്രാബല്യത്തിലുണ്ടാകുക. അംഗങ്ങളുടെ രാജിയോ മരണമോ കാരണം ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്കാണ് ഉപതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിട്ടുള്ളത്. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളുടെ വിശദാംശങ്ങൾ.

| ക്രമ നമ്പർ | ജില്ലയുടെ പേര് | തദ്ദേശഭരണ സ്ഥാപനത്തിന്റെ നമ്പരു പേരും | നിയോജകമണ്ഡലത്തിന്റെ/ വാർഡിന്റെ നമ്പരും പേരും | സംവരണ വിവരം | വരണാധികാരി |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | സി.01 തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ | 52 പാപ്പനംകോട് | പട്ടികജാതി | സബ് കളക്ടർ/റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം |
| 2 | തിരുവനന്തപുരം | ജി.39 തൊളിക്കോട് ഗ്രാമപഞ്ചായത്ത് | 04 തോട്ടുമുക്ക് | വനിത | തഹസീൽദാർ (റവന്യൂ റിക്കവറി), നെടുമങ്ങാട് |
| 3 | തിരുവനന്തപുരം | ജി.67 വെട്ടൂർ ഗ്രാമപഞ്ചായത്ത് | 02 അക്കരവിള | വനിത | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, വർക്കല |
| 4 | ആലപ്പുഴ | എം.15 ചേർത്തല മുനിസിപ്പാലിറ്റി | 13 സിവിൽസ്റ്റേഷൻ | ജനറൽ | എക്സിക്യുട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി (റോഡ്സ്), ആലപ്പുഴ |
| 5 | ആലപ്പുഴ | ജി.62 പാലമേൽ ഗ്രാമപഞ്ചായത്ത് | 10 ആദിക്കാട്ടുകുളങ്ങര ടൗൺ | വനിത | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, മാവേലിക്കര |
| 6 | കോട്ടയം | ജി.48 മണർകാട് ഗ്രാമപഞ്ചായത്ത് | 02 പറമ്പുകര | വനിത | അഡീഷണൽ തഹസീൽദാർ, കോട്ടയം |
| 7 | കോട്ടയം | ജി..51 മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | 06 കണിച്ചുകുളം | ജനറൽ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്, ചങ്ങനാശ്ശേരി |
| 8 | ഇടുക്കി | ജി.50 കൊക്കയാർ ഗ്രാമപഞ്ചായത്ത് | 05 മുളംകുന്ന് | ജനറൽ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്, പീരുമേട് |
| 9 | എറണാകുളം | എം.21 തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി | 39 ചക്കംകുളങ്ങര | ജനറൽ | ജനറൽ മാനേജർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, എറണാകുളം, കൊച്ചി |

| | | | | | |
|---|---|---|---|---|---|
| 10 | തൃശൂർ | ജി.50 ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് | 15 പത്താഴക്കാട് | ജനറൽ | അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ), കൊടുങ്ങല്ലൂർ, തൃശ്ശൂർ |
| 11 | പാലക്കാട് | എം.39 ഒറ്റപ്പാലം മുനിസിപ്പാലിറ്റി | 29 കണ്ണിയാംപുറം വായനശാല | ജനറൽ | എക്സിക്യുട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ, പാലക്കാട് |
| 12 | മലപ്പുറം | ജി.77 ഊരകം ഗ്രാമപഞ്ചായത്ത് | 03. ഒ.കെ.എം.വാർഡ് | വനിത | അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, സബ്ഡിവിഷൻ, മലപ്പുറം |
| 13 | കോഴിക്കോട് | ജി.60 ഓമശ്ശേരി ഗ്രാമപഞ്ചായത്ത് | 06.ഓമശ്ശേരി ഈസ്റ്റ് | പട്ടികജാതി | സീനിയർ സൂപ്രണ്ട്, ഓഫീസ് ഓഫ് ദി അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർ, താമരശ്ശേരി |
| 14 | കണ്ണൂർ | ജി..07 കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് | 06. അഞ്ചാംപീടിക | വനിത | അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് കോപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ), കണ്ണൂർ |
| 15 | കാസർഗോഡ് | ഡി.14 കാസർഗോഡ് ജില്ലാ പഞ്ചായത്ത് | 13.ഉദുമ | ജനറൽ | ജില്ലാ കളക്ടർ, കാസർഗോഡ് |

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യപരിപാടിയനുസരിച്ച് ജൂലൈ നാലിന് തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതു സംബന്ധിച്ച വിജ്ഞാപനവും വരണാധികാരിയുടെ നോട്ടീസ് പരസ്യപ്പെടുത്തലും നടത്തുന്നതാണ്. ജൂലൈ 11 ആണ് നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം. ജൂലൈ 12-ന് പത്രികകളുടെ സൂക്ഷ്മ പരിശോധന നടത്തും. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 14 ആണ്. ജൂലൈ 28-ന് തിരഞ്ഞെടുപ്പും 29-ന് വോട്ടെണ്ണലും നടത്തും.

*(എസ്.ഇ.സി. 29/2016)*

## വോട്ടർപട്ടിക ജൂലൈ 11-ന് മുമ്പ് അപ്ഡേറ്റ് ചെയ്യണം

ജൂലൈ 28-ന് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശഭരണ വാർഡുകളിലെ അന്തിമ വോട്ടർ പട്ടികയുടെ അപ്ഡേഷൻ ജോലികൾ ജൂലൈ 11-നു മുമ്പ് പൂർത്തിയാക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ബന്ധപ്പെട്ട എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും നിർദ്ദേശം നൽകി. അന്തിമ വോട്ടർപട്ടികയായി ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ളതിൽ ഉൾക്കുറിപ്പുകൾ തിരുത്തുന്നതിനും പേരു ഉൾപ്പെടുത്തുന്നതിനും അപേക്ഷയോ, ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ അവ ഇന്നു മുതൽ (ജൂൺ 24) ജൂലൈ രണ്ടു വരെ സ്വീകരിച്ച് നിശ്ചിത തീയതിക്കുള്ളിൽ അവശ്യമായ തുടർനടപടി സ്വീകരിച്ച് അപ്ഡേഷൻ പൂർത്തിയാക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. വോട്ടർപട്ടികയിലെ ഭേദഗതികൾ അന്തിമ പട്ടികയിലെ സപ്ലിമെന്ററി പട്ടികയിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കാനും അവയുടെ പകർപ്പുകൾ രാഷ്ട്രീയ കക്ഷികൾക്ക് നൽകുന്നതിനും കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

*(എസ്.ഇ.സി. 30/2016)*

## കൂറുമാറ്റം: ആറു പേരെ തിരഞ്ഞെടുപ്പ് കമ്മീഷൻ അയോഗ്യരാക്കി

എറണാകുളം ഒക്കൽ ഗ്രാമപഞ്ചായത്തിലെ മുൻ അംഗങ്ങളായിരുന്ന കോൺഗ്രസ്സിലെ എം.വി.ബെന്നി, പി.കെ.മുഹമ്മദ് കുഞ്ഞ്, ദീപ അനിൽ, ടി.ജി.ബാബു, മിനി ഷാജു, എൻ.ഒ.ജോർജ് എന്നിവരെ കൂറുമാറ്റ നിരോധന നിയമപ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യരാക്കി ഉത്തരവായി. ഒക്കൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് 2014 ആഗസ്റ്റ് 21-ന് നടന്ന തിരഞ്ഞെടുപ്പിൽ പാർട്ടി വിപ്പ് ലംഘിച്ച് ഇവർ പങ്കെടുത്തില്ല. ഇതിനെതുടർന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന അൻവർ മുണ്ടേത്ത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ സമർപ്പിച്ച വ്യത്യസ്ത ഹർജികളിന്മേലാണ് പൊതു ഉത്തരവ്. ഇതു പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മൽസരിക്കുന്നതിൽ നിന്നും ഇവരെ ആറു വർഷത്തേക്ക് വിലക്കിയിട്ടുണ്ട്. ഹർജിക്കാരനുവേണ്ടി അഡ്വക്കേറ്റുമാരായ എം.ഹാഷിം ബാബു, എസ്.സജിത എന്നിവർ കമ്മീഷനിൽ ഹാജരായി.

*(എസ്.ഇ.സി. 31/2016)*